LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 21, ബുധൻ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2004 ജൂലൈ മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 417.

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): ചോദ്യം നമ്പർ 417-ഉം, 420-ഉം ക്ളബ് ചെയ്യാം സർ.

സ്പോർട്ട്സിൽ മികവു കാട്ടിയ യുവതീ-യുവാക്കൾക്ക് പരിശീലനം

*1 [417] ശ്രീ. ഷിബു ബേബി ജോൺ:

" ജോണി നെല്ലൂർ:

" കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ-ബ്ലോക്ക് ജില്ലാതലങ്ങളിൽ സ്പോർട്സിൽ മികവുകാട്ടിയിട്ടുള്ള യുവതീ-യുവാക്കൾക്ക് അർഹമായ നിലയിൽ പരിശീലനം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പരിശീലനം നൽകുന്നില്ലായെങ്കിൽ അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ;

(സി) സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ മാനദണ്ഡം അനുസരിച്ചാണോ പ്രവേശനം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ,

(എ, ബി) സ്പോർട്സിൽ മികവ് കാട്ടിയിട്ടുള്ള യുവതീ-യുവാക്കൾക്ക് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിൽ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആരംഭിച്ചിട്ടുള്ള റൂറൽ കോച്ചിംഗ് സെന്ററുകളിൽ പരിശീലനം നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇത്തരത്തിൽ കൗൺസിൽ സ്ഥാപിച്ചിട്ടുള്ള റൂറൽ കോച്ചിംഗ് സെന്ററുകളിൽ വിവിധ കളി ഇനങ്ങളിൽ പരിശീലനം നടത്തിവരുന്നു. ജില്ലാതലത്തിൽ മികവ് കാട്ടിയിട്ടുള്ള യുവതീ-യുവാക്കൾക്ക് പരിശീലനം നല്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും അതാത് ജില്ലകളിൽ പ്രചാരമുള്ള കളിയിനങ്ങൾക്ക് മുൻതൂക്കം നല്കി ജില്ലാ കോച്ചിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെ അവർക്ക് പരിശീലനം നല്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ സെൻട്രൽ സ്റ്റേഡിയത്തിലും ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും പ്രവർത്തിക്കുന്ന റീജിയണൽ കോച്ചിംഗ് സെന്ററുകളിൽ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ വിദഗ്ദ്ധ കോച്ചുകൾ പരിശീലനം നല്കി വരുന്നു.

(സി) മാനദണ്ഡം അനുസരിച്ചാണ് പ്രവേശനം നല്കുന്നത്.

കായിക താരങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനം

*2 [420] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

" വർക്കല കഹാർ:

" എൻ. ശക്തൻ:

" എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കായിക താരങ്ങൾക്ക് ഏതെങ്കിലും വിദേശ രാജ്യങ്ങൾ തങ്ങളുടെ രാജ്യത്തുവച്ച് സൗജന്യമായി പരിശീലനം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേർക്ക് വീതമാണ് ഇപ്രകാരം പരിശീലനം നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത്;

(സി) ഈ പരിശീലനത്തിനായി ആരെയെല്ലാം തെരഞ്ഞെടുത്തു;

(ഡി) ഇവരെ പരിശീലനത്തിനയക്കുന്നതിനുള്ള അനുവാദത്തിന് സ്പോർട്സ് കൗൺസിൽ അപേക്ഷിച്ചതെന്നാണ്; എന്ന് അനുവാദം നൽകി; അനുവാദം നൽകുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണങ്ങൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly